Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 3.1.2019
*Ref: 647/KCBC/K-6/KPR/DS*

## അക്രമം വെടിഞ്ഞ് സമാധാന സംഭാഷണത്തിന് ബന്ധപ്പെട്ട എല്ലാവരും തയ്യാറാകണം: കെസിബിസി

കൊച്ചി: ശബരിമലയിലെ സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധി നടപ്പാക്കാൻ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്ന ശ്രമങ്ങളും ശബരിമല കർമസമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രതിഷേധ പ്രകടനങ്ങളും നാടിനെ യുദ്ധസമാനമാക്കിയിരിക്കുകയാണ്.

ഭരണഘടനയും കോടതിവിധികളും മാനിക്കപ്പെടുകയും സംസ്ഥാനത്തു നിയമവാഴ്ച ഉറപ്പാക്കുകയും വേണം. സുപ്രീം കോടതി വിധിയെത്തുടർന്ന് നൂറിലേറെ പുനഃപരിശോധനാ ഹർജികൾ കോടതിയുടെ മുമ്പിലെത്തുകയും, ജനുവരി 22-ന് അവ പരിഗണിക്കാമെന്ന് കോടതി നിലപാടെടുക്കുകയും ചെയ്ത സാഹചര്യത്തിൽ, ബന്ധപ്പെട്ടവർ വിധി നടപ്പാക്കാൻ ധൃതി കാണിച്ചാൽ അത് വിശ്വാസികളിൽ ഒരു വലിയ വിഭാഗത്തെ ദുഃഖിതരും നിസ്സഹായരുമാക്കി മാറ്റും എന്നത് വാസ്തവമാണ്. ഈ നിസ്സഹായാവസ്ഥ നിരാശയും രോഷവുമായി പടരുന്ന സാഹചര്യം ഒഴിവാക്കാൻ ഭരണാധികാരികൾ ശ്രദ്ധിക്കണം.

ശബരിമല യുവതീപ്രവേശവുമായി ബന്ധപ്പെട്ട വിധിക്ക് ആധാരമായ വിഷയം വിശ്വാസവും ആചാരാനുഷ്ഠാനങ്ങളുമാകുമ്പോൾ, എല്ലാവരും കൂടുതൽ ജാഗ്രത പുലർത്തണം. വിശ്വാസം ജീവനെക്കാൾ പ്രധാനമെന്ന് കരുതുന്നവരുണ്ട്. ഇതിൽ പ്രത്യയശാസ്ത്രനിലപാടുകളെക്കാൾ വിശ്വാസികളുടെ കാഴ്ചപ്പാടാണ് പ്രധാനം. ഭരണാധികാരികൾ അതിനെ മാനിക്കണം. ശബരിമലയിലേതു സംരക്ഷിക്കപ്പെടേണ്ട ആചാരമോ, മാറ്റപ്പെടേണ്ട ദുരാചാരമോ എന്ന് വിലയിരുത്താൻ വിശ്വാസികൾക്ക് അവസരം നല്കണം.

വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി വെറുപ്പിന്റെയും, അക്രമത്തിന്റെയും, കുടിപ്പകയുടെയും രാഷ്ട്രീയം കേരളമാകെ പടരുന്ന സാഹചര്യമുണ്ടാകുന്നത് അഭിലഷണീയമല്ല.

കോടതിവിധിയുടെ പശ്ചാത്തലത്തിൽ ശബരിമലയിലെ അയ്യപ്പഭക്തരുടെ വിശ്വാസവും വ്യക്തികളുടെ സമത്വവും തമ്മിലുണ്ടായ നിയമപ്രതിസന്ധിയെ മറികടക്കാൻ, നിയമപരവും ഭരണഘടനാപരവുമായ മാർഗങ്ങളുണ്ടായിരിക്കെ, അതിനെ രാഷ്ട്രീയവത്ക്കരിച്ചു നേട്ടങ്ങളുണ്ടാക്കാൻ ആരു ശ്രമിച്ചാലും അത് നാടിന്റെ താത്പര്യങ്ങൾക്ക് ചേർന്നതല്ല. രാഷ്ട്രീയനേതാക്കൾ പൊതു നൻമ ലക്ഷ്യമാക്കി സാമാധാനത്തിനുവേണ്ടി കൈകോർക്കണം. നവോത്ഥാനത്തെപ്പറ്റി ചിന്തിക്കുന്നവർ പൗരർക്കു സമാധാനപരമായി ജീവിക്കുവാനുള്ള അവകാശം അംഗീകരിക്കണം. നവോത്ഥാനമതിൽ നിർമ്മിക്കാൻ താല്പര്യമെടുത്തവർ സമാധാനത്തിന്റെ വാതിൽ തുറക്കാനും മുൻകൈയെടുക്കണം. സംവാദത്തിലൂടെയും സമവായത്തിലൂടെയുമാണ് ആധുനികലോകത്തു നവോത്ഥാനമുണ്ടാകേണ്ടത്, രക്തരൂക്ഷിതമാർഗ്ഗങ്ങളിലൂടെയല്ല. സമാധാനത്തിന്റെ രാഷ്ട്രീയമാണ് നമ്മുടെ നാടിനു വേണ്ടത്. അങ്ങനെയാണ് കേരളം ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയായി തീരേണ്ടത്. അതിനാൽ രാഷ്ട്രീയ സമുദായ നേതാക്കൾ അടിയന്തിരമായി ഒരു മേശയ്ക്കു ചുറ്റുമിരുന്ന് ചർച്ച ചെയ്ത്, ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിക്കാനും പരസ്പര വിശ്വാസത്തിന്റെ അന്തരീക്ഷം വീണ്ടെടുക്കുവാനും തയ്യാറാകണം. കേരളത്തിന്റെ അതിജീവനത്തിന് ഇത് അത്യന്താപേക്ഷിതമാണ്.

**ആർച്ചുബിഷപ് എം. സൂസ പാക്യം**
**പ്രസിഡന്റ്, കെസിബിസി**

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com